## കിം വാ ഭാഗവതാ ധർമ്മാ ന പ്രായേണ നിരൂപിതാ:
## പ്രിയാ: പരമഹംസാനാം ത ഏവ ഹ്യച്യുതപ്രിയാ: (1–4–31)

ശൗനകൻ സൂതനോടു ചോദിച്ചു:
അല്ലയോ ദിവ്യസ്വരൂപനായസൂതാ, അങ്ങുപറഞ്ഞ ഭഗവൽക്കാര്യങ്ങൾകേട്ട് ഞങ്ങൾ അത്യധികം ദാഹാകുലരായിരിക്കുന്നു. ഭഗവദവതാരകഥകളുംമഹിമകളും കൂടുതലായിഅറിയാനും കേൾക്കാനും ഞങ്ങളാഗ്രഹിക്കുന്നു. ശുകമുനി വ്യാസഭഗവാനിൽനിന്നും ഭാഗവതകഥകൾപഠിച്ചതായും അദ്ദേഹം പരീക്ഷിത്ത്‌രാജാവിനായി കഥകൾ വിവരിക്കുകയുണ്ടായി എന്നും അങ്ങുപറഞ്ഞു. ശുകമുനി അദ്വൈതചിന്തയിൽ മുഴുകി ആത്മഭാവത്തിൽ നിറഞ്ഞുനിന്ന ഒരുമഹദ്‌വ്യക്തിയായിരുന്നല്ലോ. ഒരിക്കൽ മകനായ ശുകനെ വ്യാസഭഗവാൻ പിന്തുടർന്നു. ശുകൻ യുവസുന്ദരനാണെങ്കിലും നഗ്നനായിട്ടാണുനടന്നിരുന്നത്. വഴിയരികിലെപൊയ്കയിൽ കുളിച്ചുകൊണ്ടിരുന്ന തരുണികൾ ശുകനെക്കണ്ട് നാണിച്ചില്ലെങ്കിലും വൃദ്ധനായ വ്യാസനെക്കണ്ട് നാണംപൂണ്ട് വെള്ളത്തിൽ മുങ്ങിയത്രേ. ശുകമുനി സ്ത്രീപുരുഷവ്യത്യാസങ്ങൾക്കതീതനായിരുന്നു. വ്യാസൻ ജ്ഞാനവൃദ്ധനാണെങ്കിലും ശുകമുനിയോളംപോന്ന പരമഹംസനല്ലതന്നെ. ശുകമുനി വെറുമൊരുകിറുക്കനെപ്പോലെ, മായനെന്നപോലെ അലഞ്ഞു നടന്നുവല്ലോ. പരീക്ഷിത്ത്‌രാജാവ് ശുകമുനിയുടെമാഹാത്മ്യം എങ്ങിനെയാണ് കണ്ടെത്തിയത്?.

പ്രിയപ്പെട്ട സൂതാ, എങ്ങിനെയാണ് പരീക്ഷിത്ത് രാജാവ് മരണശിക്ഷയ്ക്ക് വിധിക്കപ്പെട്ടത്?. പ്രജാവത്സലനും വില്ലാളിവീരനുമായിരുന്നല്ലോ ആ മഹാരാജാവ്. അദ്ദേഹം എങ്ങിനെയാണ് തന്റെ സമ്പത്തുംരാജ്യവും ഉപേക്ഷിച്ച് മുനിയുടെകാൽക്കലിരുന്ന് ഭഗവദ്കഥകൾ കേൾക്കാനിടയായത്?. ദയവായി പറഞ്ഞുതന്നാലും.

സൂതൻ പറഞ്ഞു: അല്ലയോ മുനിവര്യരേ, ഭൂതഭാവിവർത്തമാനകാലങ്ങളെ മുൻകൂട്ടിയറിയുന്ന വ്യാസഭഗവാൻ ദ്വാപരയുഗത്തിൽത്തന്നെ കലിയുഗത്തിലുണ്ടാവുന്ന കാലുഷ്യങ്ങളെപ്പറ്റിയും ധർമ്മഭ്രംശത്തെപ്പറ്റിയും മുൻകൂട്ടിക്കണ്ടിരുന്നു. അതുകൊണ്ട് വേദങ്ങളെ വേണ്ടരീതിയിൽ തരം തിരിച്ചെഴുതി വിശദീകരിക്കുന്ന മഹോത്തരമായ ഉദ്യമത്തിൽ ഏർപ്പെടുകയും നാലുവേദങ്ങൾ നാലു മാമുനിമാരെ പഠിപ്പിക്കുകയും ചെയ്തു. വേദപഠനം ദുഷ്ക്കരമായിട്ടുള്ളവർക്കായി അഞ്ചാമത്തെ വേദമെന്നറിയപ്പെടുന്ന മഹാഭാരതവും അദ്ദേഹമാണെഴുതിയത്. ഇങ്ങിനെയെല്ലാം സജ്ജനക്ഷേമാർത്ഥം കർമ്മങ്ങൾചെയ്തിട്ടും വ്യാസഭഗവാൻ സംതൃപ്തനായില്ല. വ്യാസൻ ആലോചിച്ചു: ഞാൻ വേദപഠനം നടത്തി ദിവ്യപുരുഷന്മാരെ സേവിച്ചു. കർമ്മയാഗങ്ങൾ അനവധി നടത്തി. പലേവിധആചാരങ്ങളും ഭംഗിയായി അനുഷ്ടിച്ചു. ധർമ്മത്തിന്റെ പാതയിൽനിന്നും അണുവിടവിട്ടുനടന്നിട്ടുമില്ല. എന്നിട്ടും എന്റെ ആത്മബോധം പരമാത്മബോധത്തിൽ വിലീനമായിത്തീരാത്തതെന്തേ? ഒരുപക്ഷേ ഞാൻ ഭാഗവതധർമ്മത്തെ പരിപൂർണ്ണമായിവ്യാഖ്യാനിക്കാത്തതു കൊണ്ടാവുമോ?. പരമഹംസപദത്തിലേക്കുള്ള ആ വഴിയെപ്പറ്റി, ദിവ്യപുരുഷന്മാരാൽ പ്രകീർത്തിക്കപ്പെട്ട ആ പാതയെപ്പറ്റി ധ്യാനിക്കാത്തതിനാലാകുമോ? എന്നിങ്ങനെ ചിന്താകുലനായിരിക്കുന്ന വ്യാസഭഗവാന്റെ മുന്നിൽ നാരദമുനി പ്രത്യക്ഷപ്പെട്ടു. വ്യാസൻ എഴുന്നേറ്റ് മുനിയെ ആദരിച്ചു സ്വാഗതംചെയ്തു. അണ്ഡകടാഹത്തിലെ സകലദേവതകളും ആദരിക്കുന്ന നാരദമുനിയെ വ്യാസൻ സ്വീകരിച്ചാനയിച്ചു.